രംഗത്തെ വിദഗ്ദ്ധരായ ശ്രീ. പി. ഇസഡ്. തോമസ്, ശ്രീ. പി. ബി. സഹസ്രനാമൻ എന്നിവരാണ് സമിതി അംഗങ്ങൾ. താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1. കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (NESS) തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ സമർപ്പിച്ച പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിച്ച് അപാകതകളുണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം.

2. 2019-ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം വഴി സംസ്ഥാനത്തിനുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം.

3. ഇതുസംബന്ധിച്ച മുൻപത്തെ എല്ലാ കമ്മിറ്റികളുടെയും കണ്ടെത്തലുകളും ശിപാർശകളും പരിഗണിച്ചുള്ള നിർദ്ദേശങ്ങൾ.

4. ജുഡീഷ്യൽ പ്രഖ്യാപനങ്ങൾ വിവിധ Stakeholders പ്രാതിനിധ്യം ഇവ കൂടി പരിഗണിച്ച് ആവശ്യമെങ്കിൽ ഉചിതമായ ഭേദഗതി നിർദ്ദേശിക്കുക.

5. തീരദേശ പരിപാലന പ്ലാൻ പോരായ്മകളില്ലാതെ തയ്യാറാക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാരിന് പരിഗണിക്കാവുന്ന മറ്റ് ശിപാർശകൾ. വിദഗ്ദ്ധ സമിതി ഇതിനകം രണ്ടുതവണ യോഗം ചേർന്നു. പ്രീ-ഡ്രാഫ്റ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ ടൂറിസം പ്ലാൻ, ഫിഷറീസ് പ്ലാൻ എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ടൂറിസം പ്ലാൻ ലഭ്യമായിട്ടുണ്ട്. തുടർന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കരട് നൽകി അഭിപ്രായങ്ങൾ സ്വീകരിച്ച ശേഷം പബ്ലിക് ഹിയറിംഗ് നടത്തും. ആഗസ്റ്റ് അവസാനത്തോടെ പബ്ലിക് ഹിയറിംഗ് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീരദേശ പ്ലാൻ തയ്യാറാക്കൽ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും സാങ്കേതിക കാര്യങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ പ്ലാൻ 30-9-2021 സമർപ്പിക്കാനാകണമെന്നും തീരുമാനിച്ചിട്ടുണ്ട്. വകുപ്പുതലത്തിൽത്തന്നെ പരമാവധി അപാകതകൾ പരിഹരിച്ചാൽ പബ്ലിക് ഹിയറിംഗ് സമയത്ത് പരാതികൾ കുറഞ്ഞിരിക്കുമെന്നതിനാൽ അതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

**കൊച്ചി സംയോജിത ജലഗതാഗത പദ്ധതി**

140 (3167) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി സംയോജിത ജലഗതാഗത പദ്ധതിക്കുവേണ്ടി കെ.എഫ്.ഡബ്ല്യു-വുമായി ഒപ്പിട്ട വായ്പാകരാറിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

കൊച്ചി സംയോജിത ജലഗതാഗത പദ്ധതിക്കുവേണ്ടി (Kochi Water Metro Project) കെ.എഫ്.ഡബ്ല്യൂ-മായി ഒപ്പിട്ട വായ്പാകരാറിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

വായ്പാകരാർ തീയതി - 17-6-2016; തുക- 85 മില്യൺ യൂറോ; പിൻവലിക്കൽ കാലാവധി - 16-6-2022 വരെ; പലിശ നിരക്ക് - പ്രതിവർഷം 1.51%; തിരിച്ചടവ് - തിരിച്ചടവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു.*

**ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

141 (3168) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആരോഗ്യ വകുപ്പ് മങ്കട നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പ് മങ്കട നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്.

മങ്കട സി.എച്ച്.സി:

1) പുതിയ ഒ.പി. ബിൽഡിംഗിൽ ഒന്നാം നില, രണ്ടാം നില എന്നിവയുടെ നിർമ്മാണം.

2) ഫാർമസിയുടെ കെട്ടിടത്തിന് മുകളിൽ ഒന്നാം നില, രണ്ടാം നില എന്നിവയുടെ നിർമ്മാണം

3) വനിതാ വാർഡ് നിർമ്മാണം.

അങ്ങാടിപ്പുറം എഫ്.എച്ച്.സി.:

1) പുതിയ ഒ.പി. കെട്ടിടം നിർമ്മാണം.

മൂർക്കനാട് എഫ്.എച്ച്.സി.

1) ഭിന്നശേഷി തെറാപ്പി സെന്റർ പുതിയ കെട്ടിടം

2) എഫ്.എച്ച്.സി. ആയി നവീകരണം, മോഡിഫിക്കേഷൻ വർക്ക്.

പുഴക്കാട്ടിരി സി.എച്ച്.സി.

1) പുതിയ ഒ.പി. കെട്ടിടം നിർമ്മാണം

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും എത്ര തുകയാണ് അനുവദിച്ചതെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലത്തെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly